LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

2015 നവംബർ 30, തിങ്കൾ

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനം 2015 നവംബർ മാസം 30-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ :

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ * 1

(ബാർ കോഴക്കേസിൽ കുറ്റാരോപിതനായ മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിക്കുകയും ബഹളം വയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു)

സാഗരമാല പദ്ധതി

1 (*1) ശ്രീ പി. ബി. അബ്ദുൾ റസാക് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്തെ തുറമുഖങ്ങളെ ബന്ധിപ്പിക്കുന്നതിനും നിലവാരമുയർത്തുന്നതിനുമുള്ള സാഗരമാല പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിനായി സംസ്ഥാനത്തെ ഉറമുഖങ്ങളുടെ മൻഗണന നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് ഒരുക്കേണ്ട അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച് കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകപ്പുമന്ത്രി (ശ്രീ. കെ. ബാബു) :സർ,

(എ) കേന്ദ്രഷിപ്പിംഗ് മന്ത്രാലയം വിഭാവനം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുന്ന പദ്ധതിയാണ് സാഗരമാല പദ്ധതി. പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ 30-9-2014-ൽ വിളിച്ചുചേർത്ത യോഗത്തിൽ ഉറമുഖ വകപ്പ് ഡെപ്യൂട്ടി ഡയറക്ടർ പങ്കെടുക്കുകയുണ്ടായി. കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം 2015 ജൂലൈ മാസം തിരുവനന്തപുരത്തുവച്ച് ഒരു സ്റ്റേക് ഹോൾഡർ മീറ്റിംഗ് സംഘടിപ്പിക്കുകയുണ്ടായി. അന്തിമ പദ്ധതി രേഖയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചർച്ചകളിൽ ഉറമുഖ വകപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പങ്കെടുത്തു.

സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന തീരദേശ കപ്പൽ ഗതാഗത പദ്ധതിയുമായി ഏറെ സാമ്യമുള്ളതാണ് സാഗരമാല പദ്ധതി. ആയതിനാൽ പദ്ധതിയുടെ രൂപരേഖയുടെ രൂപീകരണത്തിനും വിജയകരമായ നടത്തിപ്പിനുതകുന്നതുമായ ആശയങ്ങളും നിർദ്ദേശങ്ങളും മുന്നോട്ടുവയ്ക്കുകയുണ്ടായി. പദ്ധതി രേഖയിൽ അവ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ അംഗീകൃത കൺസൾട്ടന്റായ മെസ്സേഴ്സ് ഡിലോയിറ്റ് തയ്യാറാക്കി സമർപ്പിച്ച ബിസിനസ് പ്ലാനിനെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാനത്തിന്റെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളത്.

സാഗരമാല പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരവും ധന സഹായവും ലഭിക്കുന്നതിന് താഴെ പറയുന്ന പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു.

1. വിഴിഞ്ഞം ഉറമുഖത്തെ റെയിൽ ശൃംഖലയുമായി ബന്ധപ്പെടുത്തുന്ന റെയിൽപ്പാത.
2. പദ്ധതി പ്രദേശത്തെ സാമൂഹിക വികസനവും ജീവനോപാധി മെച്ചപ്പെടുത്തലും.

ഈ പദ്ധതികൾ തയ്യാറാക്കുവാൻ കൺസൾട്ടന്റിനെ നിയമിക്കാൻ വി.ഐ.എസ്.എൽ. ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി നടപടി സ്വീകരിച്ചു വരുന്നു. മറ്റു നോൺ മേജർ ഉറമുഖങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾ തയ്യാറാക്കാനായി കൺസൾട്ടന്റിനെ നിയമിക്കാൻ പോർട്ട് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുമായി ബന്ധപ്പെട്ട് അഴീക്കൽ, ബേപ്പൂർ, പൊന്നാനി, കൊടുങ്ങല്ലൂർ, കൊല്ലം, വിഴിഞ്ഞം തുടങ്ങിയ തുറമുഖങ്ങളാണ് വികസിപ്പിക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളത്. സാഗരമാല യുടെ ഭാഗമായിട്ട് സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യവികസനം തീരദേശ കപ്പൽ ഗതാഗത പദ്ധതിയുമായി ഏകീകരിച്ച് കുറ്റമറ്റതും മികച്ചതുമായ രീതിയിൽ നടപ്പിലാക്കാനാണ് സംസ്ഥാന തുറമുഖ വകുപ്പ് ഉദ്ദേശിക്കുന്നത്.

തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ രൂപരേഖയും അതാത് ചെറുകിട തുറമുഖ വികസനത്തിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാനുകളും ഏകീകരിച്ച് സാഗരമാലയ്ക്ക് ഉതകുന്ന രീതിയിലുള്ള അടിസ്ഥാന സൗകര്യവികസനം നടത്താൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ചുവരികയാണ്.

(സി) സാഗരമാല പദ്ധതി നടത്തിപ്പിനായി ഇൻഡ്യയുടെ തീരദേശത്തെ ആറ് കോസ്റ്റൽ എക്കണോമിക് ക്ലസ്റ്ററുകളായി തിരിച്ചിട്ടുണ്ട്. വൻകിട തുറമുഖമായ കൊച്ചിയെ ചുറ്റി കേരളത്തിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന ചെറുകിട തുറമുഖങ്ങളെ ഉൾകൊള്ളിച്ചുള്ള ക്ലസ്റ്ററിൽ ആണ് കേരളം ഉൾപ്പെട്ടിട്ടുള്ളത്. തീരദേശ ചരക്കു ഗതാഗതത്തിന് അത്യന്താപേക്ഷിതമായ Dedicated Coastal Berth, PPP Model-ൽ നിർമ്മിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. തുറമുഖ വികസനത്തിനാവശ്യമായ ഘടകങ്ങൾ, ഫണ്ടിംഗ് നടപ്പിലാക്കുന്ന രീതി, കേന്ദ്ര സർക്കാരിൽ നിന്നാവശ്യമായ സഹായങ്ങൾ എന്നിവ ഏകീകരിച്ച പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മി. സ്പീക്കർ : ചോദ്യോത്തരവേളയിൽ അടിയന്തര പ്രമേയം എടുക്കാറില്ല എന്നുള്ളത് ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾക്കെല്ലാം അറിയാവുന്നതാണ്. അടിയന്തര പ്രമേയത്തിനുള്ള നോട്ടീസ് കിട്ടിയിട്ടുണ്ട്. സീറോ അവറിൽ തീർച്ചയായും അതെടുക്കുന്നതാണ്.

ശ്രീ. പി. ബി. അബ്ദുൾ റസാക് : സർ, സാഗരമാല പദ്ധതിയുടെ ഭാഗമായി പ്രത്യേകം മെറിഡിയൻ ബോർഡ് സ്ഥാപിച്ച് മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. അതിന്മേൽ നടപടികൾ ആയിട്ടുണ്ടോ ; അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. ബാബു : സർ, സാഗരമാല പദ്ധതിയുടെ ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിനെ സംബന്ധിച്ച് വിശദമായ ചർച്ചകൾ ഇനിയും നടക്കേണ്ടതായിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ബി. അബ്ദുൾ റസാക് : സർ, ഈ പദ്ധതിയുടെ കാര്യത്തിൽ സംസ്ഥാനം വളരെ പുറകിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആൻഡമാൻ നിക്കോബാർ ഭരണകൂടം കൈവരിച്ച പുരോഗതിപോലും നമുക്ക് ഇക്കാര്യത്തിൽ കൈവരിക്കാൻ ആയില്ലായെന്ന ആക്ഷേപമുള്ള സാഹചര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ബാബു : സർ, സാഗരമാല പദ്ധതി കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ച് പ്രാരംഭ ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ പദ്ധതിക്ക് വ്യക്തമായ ഒരു രൂപം ആയിട്ടില്ല. സംസ്ഥാന ഗവൺമെന്റ് പ്രൊപ്പോസലുകൾ കൊടുത്തിട്ടുണ്ട്.

ശ്രീ. സി. മമ്മൂട്ടി : സർ, കേരളത്തെ സംബന്ധിച്ചിടത്തോളം മുഴുവൻ തീരദേശ മേഖലയിലാണ് കിടക്കുന്നത്. സാഗരമാല പദ്ധതിപോലുള്ള ഒരു പദ്ധതി വരുമ്പോൾ സ്വാഭാവികമായും കേരളത്തിന്റെ വികസനത്തിന് ഉതകുന്ന വിധത്തിൽ സമഗ്രമായ കാഴ്ചപ്പാടോടുകൂടി നടപ്പാക്കേണ്ട ഏറ്റവും നല്ല ഒരു പദ്ധതിയാണ്. കേന്ദ്ര ഗവൺമെന്റിൽ നിന്നും ധാരാളം പണം കിട്ടുമ്പോൾ പ്രായോഗികമായി ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി ഒട്ടും അമാന്തിച്ചുകൂടാ. കുറഞ്ഞ കാലം കൊണ്ട് വളരെ താല്പര്യമെടുത്ത് വിശദമായി ചർച്ച ചെയ്ത് വ്യക്തമായ ഒരു കാഴ്ചപ്പാടോടുകൂടി പദ്ധതി നടപ്പാക്കാൻ ശ്രമിക്കണം. അതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പ്രയോറിറ്റി നിശ്ചയിച്ചിട്ടുണ്ടോ ; പ്രത്യേകമായി തെരഞ്ഞെടുക്കപ്പെട്ട ഇറമുഖങ്ങളുണ്ടോ ; അല്ലെങ്കിൽ കേരളത്തിന്റെ സമഗ്രമായ മൊത്തം തീരദേശ മേഖലയാണോ അതിന് വിഭാവനം ചെയ്തിട്ടുള്ളത്; ഇതിനുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ശ്രീ. കെ. ബാബു : സർ, കേരളത്തിൽ മൊത്തം 6 ഇറമുഖങ്ങൾ ഉൾപ്പെടുത്തി 266 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ, കൊല്ലം, വിഴിഞ്ഞം, പൊന്നാനി, അഴീക്കൽ, ബേപ്പൂർ തുടങ്ങിയ ആറ് ഇറമുഖങ്ങളെ സംബന്ധിച്ചുള്ള പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, സാഗരമാല പദ്ധതി വലിയ ലക്ഷ്യബോധത്തോടുകൂടിയാണ് സർക്കാർ തുടങ്ങിയിട്ടുള്ളത്. കാരണം ലോകത്ത് കോസ്റ്റൽ ഏരിയയിൽ ഏഴാം സ്ഥാനത്തുള്ള ഇൻഡ്യ വ്യാപാര ഇടപാടുകളിൽ വളരെ പിന്നിലാണെന്നാണ് മനസ്സിലാകുന്നത്. പോർട്ടുമായി ബന്ധപ്പെട്ട് ജർമ്മനി 75 ശതമാനവും യൂറോപ്യൻ രാജ്യങ്ങൾ 70 ശതമാനവും നേടുമ്പോൾ ഇൻഡ്യ കേവലം 42 ശതമാനം മാത്രമാണ് നേടുന്നത്. ഇതിന്റെ കാരണം അന്വേഷിച്ചുകൊണ്ടാണ് പോർട്ടുകളുടെ ശൃംഖല സൃഷ്ടിക്കാൻ തീരുമാനിച്ചത്. ഈ വർഷം തന്നെ

14,225 കോടി രൂപ കേന്ദ്ര ഗവൺമെന്റ് നീക്കിവച്ചിട്ടുണ്ട്. ക്യാബിനറ്റ് സെക്രട്ടറി ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റിയും തെരഞ്ഞെടുക്കപ്പെട്ട സൈറ്റിൽ വരുന്ന വാർത്തകൾ ശരിയാണെങ്കിൽ ഗുജറാത്തിലെ Kandla Port ലക്ഷ്യം വച്ച് രണ്ടു ലക്ഷം ഏക്കർ ഭൂമി ഏറ്റെടുത്തുകൊണ്ട് 4,000 കോടി രൂപയുടെ പദ്ധതിയാണ് ഗുജറാത്തിൽ നടപ്പാക്കുന്നത്. കേരളത്തിൽ ഇതിന് ഒരുപാട് സാധ്യതകളുണ്ട്. കേരളത്തിന്റെ സാധ്യത എന്നുപറയുന്നത് കേവലം പോർട്ടുകളുടെ വികസനം മാത്രമല്ല, ഷിപ്പ് നിർമ്മാണം, റിപ്പെയർ, റീസൈക്ലിംഗ് തുടങ്ങി ആ പ്രദേശത്ത് സ്മാർട്ട് സിറ്റി കൊണ്ടുവന്ന് ഒരു നാടിന്റെ സമഗ്ര വികസനത്തിന് എങ്ങനെ പോർട്ട് വിനിയോഗിക്കാമെന്നാണ് ലക്ഷ്യമിടുന്നത്. ചെറിയ പോർട്ടുകളുടെ വികസനം എന്നതിനപ്പുറം കേരളത്തിന്റെ സമഗ്ര വികസനത്തിന് വഴിയൊരുക്കുന്ന, ഉല്പാദനരംഗത്ത് കടന്നുവരാൻ കഴിയുന്ന നിലയിലേയ്ക്ക് ഉയർന്നു വന്നിട്ടുള്ള ദുബായ് Jabel Ali free zone പോലെ ഒരു വലിയ മാറ്റം കേരളത്തിലുണ്ടാക്കാൻ ഗവൺമെന്റിന് സാധിക്കുമോ ; അതിനുവേണ്ടി ഒരു ഉന്നത കമ്മിറ്റിയുണ്ടാക്കി ഈ കാര്യത്തിൽ മുന്നോട്ടു പോകുമോ ?

ശ്രീ. കെ. ബാബു : സർ, ഇൻഡ്യൻ തുറമുഖങ്ങളെ ലോകോത്തര തുറമുഖങ്ങളായി മാറ്റുവാനും അതിനോടൊപ്പംതന്നെ ആധുനിക രീതിയിലുള്ള തുറമുഖങ്ങൾ നിർമ്മിക്കുവാനും വേണ്ടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. വികസിത രാജ്യങ്ങളുടെ പാതയിൽ ദീർഘമായ തീരപ്രദേശത്തെ ഇൻഡ്യയുടെ വികസനത്തിന്റെ വാതായനമാക്കുക എന്നതാണ് സാഗരമാല പദ്ധതിയുടെ ഉദ്ദേശ്യം. ഒറ്റപ്പെട്ടതും ഏകപക്ഷീയവുമായ തുറമുഖ തീരപ്രദേശത്തെ നയത്തിൽ നിന്നും മാറി ഏകീകരിക്കപ്പെട്ട അതാതു പ്രദേശത്തിന്റെ സാമൂഹിക സാമ്പത്തിക പരിസ്ഥിതി പശ്ചാതലത്തിന് ഊന്നൽ നൽകുന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്. റോഡ്, റെയിൽ അന്തർ സംസ്ഥാന നദീജലപാതകൾ എന്നിവ പ്രയോജനപ്പെടുത്തുന്നതിലൂടെ ചരക്കു ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും തന്മൂലം ചരക്കു ഗതാഗത ചെലവുകൾ കുറയ്ക്കുകയും ഇതുവഴി പ്രസ്തുത പദ്ധതി പ്രാദേശിക വികസനത്തിന് സഹായം ആകുന്നതോടൊപ്പം ഇൻഡ്യൻ സമ്പദ് ഘടനയുടെ വളർച്ചയ്ക്ക് മുതൽ കൂട്ടാവുകയും ചെയ്യുമെന്നാണ് ധാരണ. ഇത് പി.പി.പി. ഘടനയിലൂടെയോ അല്ലെങ്കിൽ പൂർണ്ണമായി സർക്കാർ സ്വകാര്യ നേതൃത്വത്തിലൂടെയോ നടപ്പാക്കാൻ കഴിയുന്ന രീതിയിലാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. ഇവിടെ കേന്ദ്ര ഗവൺമെന്റ് പോർട്ടുകൾക്ക് പണം കൊടുക്കുന്നു എന്നു പറയുന്നത് ശരിയല്ല. ഇത് പി.പി.പി. മോഡലിലാണ് നടപ്പാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് ഗുജറാത്തിലെ പോർട്ടിന് പണം കൊടുത്തതായി അറിവില്ല. അത് പി.പി.പി. മോഡലാണ്. മാത്രവുമല്ല, കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള 12 പോർട്ടുകളുടെ കമ്പനി മാറ്റാൻ അവർ തീരുമാനിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ഷാജി : സർ, മലബാറിൽ വലിയ പ്രതീക്ഷയോടുകൂടിയാണ് അഴീക്കൽ പോർട്ടിന്റെ ഉത്ഘാടനം നടന്നത്. പക്ഷേ റിട്ടേൺ കാർഗോ വലിയ പ്രശ്നമാണ്. അവിടെ ഇപ്പോൾ ചരക്ക് കപ്പലുകൾ വരുന്നതാണ് വലിയ പ്രശ്നമായിട്ടുള്ളത്. അതിന് പ്രധാനപ്പെട്ട കാരണം, കൃത്യമായി കപ്പലുകൾ വരുന്നില്ലായെന്നുള്ളതാണ്. അങ്ങനെയാണെങ്കിൽ ഈ പദ്ധതിയുടെ ഭാഗമായി കപ്പലുകൾ ഗവൺമെന്റ് ലീസിന് എടുക്കുകയോ അല്ലെങ്കിൽ ആളുകൾക്ക് അഷ്വർ ചെയ്യാൻ കഴിയുന്ന തരത്തിലുള്ള സർവ്വീസ് ആരംഭിക്കുകയോ ചെയ്യുമോ ?

ശ്രീ. കെ. ബാബു : സർ, ബഹുമാനപ്പെട്ട അംഗം അഴീക്കൽ പോർട്ടിനെ സംബന്ധിച്ച് പറഞ്ഞ കാര്യം ശരിയാണ്. അവിടെ കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി ആരംഭിച്ചെങ്കിലും റിട്ടേൺ കാർഗോ ഇല്ലാത്തതുകൊണ്ട് കപ്പലുകൾക്ക് വരാൻ താൽപ്പര്യക്കുറവുണ്ട്. ഈ കാര്യം പോർട്ട് ഡിപ്പാർട്ട്മെന്റ് ഗൗരവമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. റിട്ടേൺ കാർഗോയ്ക്ക് കൂടി സഹായം നൽകത്തക്ക വിധത്തിൽ ആലോചിച്ചു വരുന്നുണ്ട്. അതുമാത്രമല്ല, ഈ പോർട്ടിന്റെ ഇപ്പോഴത്തെ ഡ്രാഫ്റ്റ് 3 മീറ്ററാണ്. അത് 6 മീറ്ററാക്കുന്നതിനുവേണ്ടി തീരുമാനമെടുത്തുകഴിഞ്ഞു. കോസ്റ്റ് ഗാർഡ് അക്കാഡമി കൊടുക്കുന്ന സ്ഥലം ഫിൽ ചെയ്യുന്നതിനുവേണ്ടി ഇവിടെ ഡ്രഡ്ജ് ചെയ്യുന്ന മണൽ ഉപയോഗിക്കത്തക്കവിധത്തിൽ ധാരണയായിട്ടുണ്ട്. ആ പോർട്ടിൽ ആദ്യം ചെയ്യേണ്ടത് ഡ്രാഫ്റ്റ് വർദ്ധിപ്പിക്കലാണ്. 6 മീറ്ററാക്കി ഡ്രാഫ്റ്റ് വർദ്ധിപ്പിക്കാനുള്ള നടപടികൾ ഉടനെ ആരംഭിക്കും. ഡ്രഡ്ജ് ചെയ്യുന്നതിനുവേണ്ടി 20 കോടി രൂപയുടെ കട്ടർസെക്ഷൻ ഡ്രഡ്ജർ അഴീക്കൽ തുറമുഖത്ത് എത്തിക്കഴിഞ്ഞു. ആ പോർട്ടിനുവേണ്ടി മൊത്തം 50 കോടി രൂപയുടെ പദ്ധതികൾ സാഗരമാല പദ്ധതിയിൽ സമർപ്പിച്ചിട്ടുണ്ട്. ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ ക്രെയിൻ 2014 ജൂണിൽ അവിടെ എത്തത്തക്കവിധത്തിൽ ഓർഡർ കൊടുത്തുകഴിഞ്ഞു. സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ മുൻഗണന നൽകുന്ന പോർട്ടാണ് അഴീക്കൽ പോർട്ട്.

ശ്രീ. ബെന്നി ബഹനാൻ : സർ, സാഗരമാല പദ്ധതിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഏറ്റവും കൂടുതൽ തീരദേശമുള്ള കേരളത്തിന് ഈ പദ്ധതി വളരെ പ്രയോജനകരമാണ്. പുരാതനകാലം മുതലേ കേരളത്തിൽ ചെറിയ തുറമുഖങ്ങളുണ്ടായിരുന്നു. എന്റെ ചോദ്യം, സാഗരമാല പദ്ധതി നടപ്പാക്കുമ്പോൾ തുറമുഖങ്ങളുടെ വികസനം മാത്രമല്ല, തുറമുഖങ്ങളിലേയ്ക്ക് എത്തിച്ചേരുന്നതിന് ഇൻഫ്രാ സ്ട്രക്ച്ചറിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ? ഈ പദ്ധതി നേരത്തേ തീരുമാനിച്ചിരുന്ന കോസ്റ്റൽ ഹൈവേ ഉൾപ്പെടെ നടപ്പാക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ; അതിന് എന്തെങ്കിലും അനുകൂലമായ മറുപടി ലഭിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു ; സർ, ഈ പദ്ധതി പ്രാരംഭഘട്ടത്തിലാണ്. പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഉറമുഖാധിഷ്ഠിത വ്യവസായവത്ക്കരണം, ഉറമുഖാധിഷ്ഠിത നഗരവത്ക്കരണം, തീരദേശ വിനോദസഞ്ചാര മേഖലാ വികസനം, തീരദേശ കപ്പൽ ഗതാഗത ഉൾനാടൻ ജലഗതാഗത വികസനം, ആധുനിക കപ്പൽശാല സ്ഥാപിക്കുക, ഉൾനാടൻ ചരക്ക് കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കൽ, Offshore Energy generation, Offshore drilling and storage plant, ഉറമുഖ വികസനവും നവീന ഉറമുഖങ്ങൾ സ്ഥാപിക്കലും, specialization of port in certain economic activity such as energy container, chemicals, coal, agro products എന്നുള്ളതാണ് ഈ പദ്ധതി. റോഡിനെ സംബന്ധിച്ചിടത്തോളം പോർട്ട് ഡിപ്പാർട്ട്മെന്റ്. അത്തരമൊരു നിർദ്ദേശം മുന്നോട്ടു വച്ചിട്ടില്ല. തീരദേശ റോഡ് ഒരറ്റം മുതൽ മറ്റേയറ്റം വരെ പ്രൊപ്പോസ് ചെയ്തിട്ടില്ല. അതേ സമയം ഉറമുഖങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട പ്രോജക്ടുകളാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളത്.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, കേരളത്തിലെ ഏറ്റവും പുരാതനമായ ഉറമുഖങ്ങളിലൊന്നാണ് കൊടുങ്ങല്ലൂർ. സാഗരമാല പദ്ധതിയിൽ കൊടുങ്ങല്ലൂർ ഉറമുഖത്തെ ഉൾപ്പെടുത്തിയതായി പറയുകയുണ്ടായി. കൊടുങ്ങല്ലൂർ ഉറമുഖത്തിന്റെ വികസനത്തിനുവേണ്ടി ഏതെല്ലാം സ്കീമുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; അതുപോലെതന്നെ ഉൾനാടൻ ചരക്കുഗതാഗതവുമായി ബന്ധപ്പെട്ടുകൊണ്ടും വിവിധ പോർട്ടുകളെ ബന്ധപ്പെടുത്തിക്കൊണ്ടുമുള്ള ചരക്ക് ഗതാഗതത്തിന് ഗവൺമെന്റ് സബ്സിഡി കൊടുക്കുമെന്ന് പറയുകയുണ്ടായി. അത്തരത്തിലുള്ള ചരക്ക് ഗതാഗതം നടപ്പിലാക്കുന്നതിനുവേണ്ടി എന്ത് നടപടിയുണ്ടായി ; അതിൽ കൊടുങ്ങല്ലൂർ പോർട്ടിനെ ഏതുവരെ ഉൾപ്പെടുത്തിയിട്ടുണ്ട് ?

ശ്രീ. കെ. ബാബു : സർ, കൊടുങ്ങല്ലൂർ പോർട്ട് പുരാതനകാലത്ത് ഉണ്ടെങ്കിലും ഇപ്പോൾ കൊടുങ്ങല്ലൂർ പോർട്ടില്ല. കൊടുങ്ങല്ലൂർ പോർട്ട് സ്ഥാപിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിച്ച വരികയാണ്. അവിടെ ഡ്രാഫ്റ്റ് വർദ്ധിപ്പിക്കാനുള്ള ഡ്രഡ്ജിംഗ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെ റിക്ലമേഷനിലൂടെ ഡ്രഡ്ജ് ചെയ്ത് ഫിൽ ചെയ്താൽ 16 ഏക്കർ സ്ഥലം കിട്ടും. അവിടെ പോർട്ട് സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുള്ളത്. അതിന് 46 കോടി രൂപയുടെ പ്രാരംഭ പദ്ധതികൾ തയ്യാറായിക്കഴിഞ്ഞു. ഇതിൽ 16 കോടി രൂപ നബാർഡിന്റെ സഹായമാണ്. കൂടാതെ 30 കോടി രൂപ വികസനത്തിനുവേണ്ടി സാഗരമാല പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചരക്ക് ഗതാഗതം, തീരദേശ കപ്പൽ ഗതാഗത പദ്ധതി എന്നിവ വികസിപ്പിക്കുന്നതിനുവേണ്ടി നമ്മുടെ സംസ്ഥാനമാണ് ആദ്യമായി കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി ആവിഷ്കരിച്ചത്. ആ കോസ്റ്റൽ ഷിപ്പിംഗ്

പദ്ധതിക്ക് ഒരു ടൺ ചരക്ക് 1 കിലോ മീറ്റർ കൊണ്ടുപോകുന്നതിന് ഒരു രൂപ സബ്സിഡി കൊടുക്കാൻ തീരുമാനിച്ചു കേരളമാണ് ആദ്യമായി ഇതിനൊരു തീരുമാനമെടുത്തത്. കേന്ദ്ര ഗവൺമെന്റ് ഈ പദ്ധതി രാജ്യമൊട്ടാകെ നടപ്പിലാക്കി കഴിഞ്ഞു. കൊല്ലത്തുനിന്ന് കൊച്ചിയിലേയ്ക്ക് കപ്പൽ പുറപ്പെടുന്നുണ്ട്. ഇതുപോലെ കൊല്ലത്തുവരുന്ന കപ്പലുകൾ ധാരാളമുണ്ട്. ഇതിനെല്ലാം ഈ സബ്സിഡി കൊടുത്തു വരുന്നുണ്ട്. ഈ സബ്സിഡി ആദ്യം ഒരു വർഷത്തേയ്ക്കായിരുന്നു. ഇപ്പോൾ ഒരു വർഷത്തേയ്ക്ക് കൂടി എക്സ്റ്റന്റ് ചെയ്തിട്ടുണ്ട്. കേരളത്തിലേയ്ക്ക് ചരക്കുകൾ കൊണ്ടുവരാൻ സാധിക്കും. ഇപ്പോൾ ഗുജറാത്തിൽ നിന്ന് കൊല്ലത്തേയ്ക്ക് കപ്പൽ വരുന്നുണ്ട്. പക്ഷേ, തിരിച്ച് പോകുമ്പോൾ ഈ കപ്പലുകൾ ചരക്കില്ലാതെ പോകേണ്ടി വരുന്നു. അതാണ് കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. ആ പ്രശ്നം കൂടി പരിഹരിക്കാനുള്ള ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഉടൻതന്നെ ഒരു കപ്പൽ വാടകയ്ക്കെടുത്ത് ഓടിക്കാൻ നടപടി സ്വീകരിച്ചു വരികയാണ്.

ട്രാഫിക് കറ്റകൃത്യങ്ങൾക്ക് ലൈസൻസ് സസ്പെൻഷൻ

2 (*2) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാഫിക് കുറ്റകൃത്യങ്ങൾക്ക് ലൈസൻസ് സസ്പെന്റ് ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കണമെന്ന സുപ്രീംകോടതിയുടെ റോഡ് സുരക്ഷാ സമിതി യോഗ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തീരുമാനം നടപ്പാക്കാൻ ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) റോഡപകടങ്ങൾക്കു കാരണമാവുന്ന മദ്യപിച്ചുള്ള വാഹന ഡ്രൈവിംഗ്, മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ടുള്ള ഡ്രൈവിംഗ്, സിഗ്നൽ അവഗണിച്ചുള്ള ഡ്രൈവിംഗ് തുടങ്ങിയ ട്രാഫിക് നിയമ ലംഘനങ്ങളുടെ കാര്യത്തിൽ ഡ്രൈവിംഗ് ലൈസൻസ് നൽകുമ്പോഴും പുതുക്കുമ്പോഴും കർശന പരിശോധനകളും ബോധവത്ക്കരണവും നടത്തുകയും അതിനുശേഷമുള്ള ലംഘനങ്ങൾ ഗൗരവപൂർവ്വം കണ്ട് കർശന ശിക്ഷാ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly